REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 11-07-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കാൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാത്രി തിരുവനന്തപുരത്ത് എത്തും**
- **മാതൃ-ശിശു ആരോഗ്യത്തിൽ മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കുന്നതിന് ആസൂത്രിതമായ രക്ഷാകർതൃത്വം അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി JP നദ്ദ.**
- **"അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ആരോഗ്യകരമായ ഗർഭകാലവും ഇടവേളയും" എന്ന സന്ദേശവുമായി ഇന്ന് ലോക ജനസംഖ്യാ ദിനം.**
- **സംഗീത നാടക അക്കാദമിയുടെ ആദ്യ ദേശീയ താളവാദ്യോത്സവത്തിന് തൃശൂരിൽ തിരി തെളിഞ്ഞു.**
- **ആൻഡേഴ്സൺ ടെൻഡുൽക്കർ ഇന്ത്യാ-ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് ഉച്ചകഴിഞ്ഞ് പുനഃരാരംഭിക്കും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ അമിത് ഷാ രാത്രി തിരുവനന്തപുരത്തെത്തും. രാത്രി പത്തിന് വിമാനത്താവളത്തിലെത്തുന്ന അമിത് ഷായെ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ സ്വീകരിക്കും.

നാളെ രാവിലെ BJP സംസ്ഥാന കമ്മറ്റി ഓഫീസ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പതാക ഉയർത്തുന്ന അമിത് ഷാ, വൃക്ഷത്തൈ നടും. മുൻ

സംസ്ഥാന അധ്യക്ഷൻ KG മാരാരുടെ അർദ്ധകായ വെങ്കല പ്രതിമ അനാവരണം ചെയ്തതിനുശേഷം, അമിത്ഷാ പുത്തരിക്കണ്ടം മൈതാനിയിലെ വാർഡുതല നേതൃസംഗമത്തിലും പങ്കെടുക്കും.

നാളെ കണ്ണൂർ തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തും. കേന്ദ്ര മന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ജില്ലയിൽ സുരക്ഷ കർശനമാക്കി. പാർട്ടി നേതൃത്വത്തിൽ എയർപോർട്ടിൽ അമിത് ഷയ്ക്ക് സ്വീകരണം നൽകും.

✪✪✪

“അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ആരോഗ്യകരമായ ഗർഭകാലവും ഇടവേളയും" എന്ന സന്ദേശവുമായി ഇന്ന് ലോക ജനസംഖ്യാ ദിനം. പരിസ്ഥിതിയും വികസനവും തമ്മിലെ ബന്ധങ്ങൾ ഉൾപ്പെടെ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനാണ് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1990 മുതൽ ജൂലൈ 11 ലോക ജനസംഖ്യാ ദിനമായി ആചരിക്കുന്നത്.

മാതൃ-ശിശു ആരോഗ്യത്തിൽ മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കുന്നതിന് ആസൂത്രിതമായ രക്ഷാകർതൃത്വം അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി JP നദ്ദ പറഞ്ഞു. ജനസംഖ്യാ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും സുസ്ഥിര ഭാവിയുടെ പ്രവർത്തനത്തിനും ഒരു ഓർമ്മപ്പെടുത്തലാണ് ദിനാചരണമെന്നും അദ്ദേഹം പറഞ്ഞു. ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ ഉൾപ്പെടെ പൊതുജനാരോഗ്യ സൗകര്യങ്ങൾ വഴി, രാജ്യത്തുടനീളം അവശ്യ കുടുംബാസൂത്രണ സേവനങ്ങൾ കേന്ദ്രഗവണ്മെന്റ് നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. കുടുംബങ്ങളെ ശാക്തീകരിച്ച് ആരോഗ്യകരമായ ഇന്ത്യയ്ക്കാണ് കേന്ദ്രഗവൺമെന്റ് നയങ്ങൾ ആവിഷ്ക്കരിക്കുന്നതെന്നും JP നദ്ദ അറിയിച്ചു.

✪✪✪

വൻതോതിൽ UPI പണമിടപാട് സ്വീകരിച്ചതിനാൽ ഇന്ത്യ ലോകത്തിലെ മറ്റേതൊരു രാജ്യത്തേക്കാളും വേഗത്തിൽ പണമിടപാടുകൾ നടത്തുന്നുണ്ടെന്ന് അന്താരാഷ്ട്ര നാണയ നിധി അഭിപ്രായപ്പെട്ടു. ഇന്ത്യയിലെ ഡിജിറ്റൽ പണമിടപാട് രംഗത്ത് UPI വലിയ പരിവർത്തനം വരുത്തിയെന്നും IMF അറിയിച്ചു.

✪✪✪

തിരുവനന്തപുരം ശ്രീകാര്യത്ത് കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62 -ാം സ്ഥാപക ദിനാഘോഷങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ ഉദ്ഘാടനം ചെയ്തു. ICAR-CTCRI മിലേനിയം ഹാളിൽ സംഘടിപ്പിക്കുന്ന

പരിപാടിയിൽ വിവിധ ധാരണാപത്രങ്ങളും  കൈമാറി . കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ വളർച്ചയിൽ പങ്കാളികളായ ഉദ്യോഗസ്ഥരേയും കർഷകരേയും ചടങ്ങിൽ ആദരിച്ചു.

✪✪✪

ഹൈക്കോടതി വിധി പ്രകാരം സംസ്ഥാന എൻജിനിയറിങ് പ്രവേശന പരീക്ഷ കീംമിന്റെ പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പുതുക്കിയ പട്ടികയിൽ നേരത്തെ അഞ്ചാം റാങ്കായിരുന്ന തിരുവനന്തപുരം കവടിയാർ സ്വദേശി ജോഷ്വാ ജേക്കബ് തോമസിനാണ് ഒന്നാം റാങ്ക്. രണ്ടാം റാങ്കിൽ മാറ്റമില്ല, എറണാകുളം സ്വദേശി ഹരികേഷൻ ബൈജുവിനാണ് രണ്ടാം റാങ്ക്.

ഫെബ്രുവരി 19ന് പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് പ്രകാരം തന്നെ റാങ്ക് ലിസ്റ്റ് മാറ്റി പ്രസിദ്ധീകരിക്കണമെന്ന സിംഗിൾ ബെഞ്ച് വിധിയിൽ ഇടപെടാൻ കാരണങ്ങൾ ഇല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ , ജസ്റ്റിസ് മുരളി കൃഷ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് ഗവൺമെന്റിന്റെ അപ്പീൽ തള്ളിയത്.

✪✪✪

JSK സിനിമയുടെ പുതിയ പതിപ്പ് ഇന്ന് സെൻസർ ബോർഡിന് മുന്നിൽ എത്തും.

ജാനകി V വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന് പേര് മാറ്റിയാണ്  സിനിമ പുറത്തിറങ്ങുക. കോടതി രംഗം മ്യൂട്ട് ചെയ്യണമെന്ന് കഴിഞ്ഞ ദിവസം കോടതി ആവശ്യപ്പെട്ടിരുന്നു. റീ എഡിറ്റ് ചെയ്ത പതിപ്പ് സമർപ്പിച്ച് മൂന്നു ദിവസത്തിനകം സിനിമയ്ക്ക് സർട്ടിഫിക്കറ്റ് നൽകാമെന്ന് സെൻസർ ബോർഡും കോടതിയെ അറിയിച്ചിരുന്നു.

സമവായത്തിലൂടെ പ്രശ്നം പരിഹരിക്കാമെന്ന് സെൻസർ ബോർഡ് കോടതിയെ അറിയിച്ചതോടെയാണ് പ്രശ്നപരിഹാരത്തിന് വഴിതുറന്നത്.

✪✪✪

വിദ്യാഭ്യാസമന്ത്രി ഗവർണറുടെ പരിപാടി വീണ്ടും ബഹിഷ്കരിച്ചു എന്ന മട്ടിൽ ഒരു വിഭാഗം മാധ്യമങ്ങൾ നൽകിയ വാർത്ത തെറ്റാണെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഇന്നലെ മന്ത്രിസഭാ യോഗം നീണ്ടുപോയതിനാലാണ്  ഗവർണറുടെ പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതെപോയതെന്ന കാര്യം ഇന്നലെ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് സ്മാർട്ട് കാർഡ് നൽകുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഡാറ്റാ എൻറോൾമെന്റ് ക്യാമ്പിന്

തുടക്കമായി. കളക്ടറേറ്റിലെ APJ ഹാളിൽ മറ്റന്നാൾ വരെയാണ് ക്യാമ്പ്. പുനരധിവാസ പദ്ധതിക്കായി ഗവൺമെന്റ് പ്രഖ്യാപിച്ച 402 ഗുണഭോക്താക്കൾക്കാണ് ആദ്യഘട്ടത്തിൽ സ്മാർട്ട് കാർഡ് നൽകുക.

✪✪✪

സംഗീത നാടക അക്കാദമിയുടെ ആദ്യ ദേശീയ താളവാദ്യോത്സവത്തിന് തൃശൂരിൽ തിരി തെളിഞ്ഞു. താളവിസ്മയങ്ങളുടെ മൂന്ന് നാളുകളാണ് ആസ്വാദകരെ കാത്തിരിക്കുന്നത്.

ജില്ലാപ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്).......

✪✪✪

കോഴിക്കോട് നാദാപുരം ഗ്രാമപഞ്ചായത്ത് പുതുക്കിപ്പണിയുന്ന ബസ് സ്റ്റാൻഡിന്റെ പ്രവൃത്തി ഈ മാസം 28ന്  മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ വിജയത്തിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് VV മുഹമ്മദലി ചെയർമാനായി 501 അംഗ സ്വാഗത സംഘം രൂപീകരിച്ചു. 14 കോടിരൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്.

✪✪✪

കോഴിക്കോട്ട് കലക്ടറേറ്റിലെ എല്ലാ ഓഫീസുകളെയും വിവരാവകാശ സൗഹൃദമാക്കി മാറ്റുന്ന പ്രചാരണ പ്രവർത്തനങ്ങൾക്ക് സംഘാടക സമിതി രൂപീകരിച്ചു. സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ രക്ഷാധികാരിയും ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് ചെയർമാനും ADM പി സുരേഷ് നോഡൽ ഓഫീസറുമാണ്. വിവരാവകാശ നിയമം പാർലമെന്റ് പാസാക്കിയ ജൂൺ 15 മുതൽ നിയമം പൂർണമായി നിലവിൽവന്ന ഒക്ടോബർ 12 വരെ, വിവരാവകാശ നിയമത്തെ കുറിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും അവബോധമുണ്ടാക്കുകയാണ് ലക്ഷ്യമെന്ന് ടി കെ രാമകൃഷ്ണൻ പറഞ്ഞു.

തിങ്കളാഴ്ച കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട് സെമിനാർ സംഘടിപ്പിക്കും. ഒക്ടോബർ 12ന് വിവരാവകാശ സൗഹൃദ കലക്ടറേറ്റ്  പ്രഖ്യാപനവും നടത്തും.

✪✪✪

2025-26 വാർഷിക പദ്ധതികൾ തെരഞ്ഞെടുപ്പിന് മുമ്പ് വേഗത്തിൽ പൂർത്തീകരിക്കണമെന്ന് കോഴിക്കോട് ജില്ല ആസൂത്രണ സമിതി യോഗം നിർദേശിച്ചു.

എല്ലാ മാസവും പദ്ധതി പുരോഗതി അവലോകനം ചെയ്യാനും, ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രാമ, ബ്ലോക്ക്, നഗരസഭ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ തലത്തിൽ പ്രത്യേക അവലോകന യോഗം ചേരാനും തീരുമാനിച്ചു.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ ടെൻഡുൽക്കർ ഇന്ത്യാ-ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസത്തെ കളി ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് തുടങ്ങും. നാല് വിക്കറ്റ് നഷ്ടത്തിൽ 251 റൺസെന്ന നിലയിലാണ് ഇംഗ്ലണ്ട് ബാറ്റിംഗ് പുനരാരംഭിക്കുക.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിഫൈനലിൽ നൊവാക് ജോക്കോവിച്ച് ഇന്ന് വൈകിട്ട് ഇറ്റലിയുടെ ജാനിക് സിന്നറുമായി ഏറ്റുമുട്ടും. അടുത്ത രണ്ട് മത്സരവും ജയിച്ചാൽ 25-ാം ഗ്രാൻഡ്സ്ലാം കിരീടം എന്ന നേട്ടവും ജോക്കോവിച്ച് സ്വന്തമാക്കും.

വൈകിട്ട് മറ്റൊരു മത്സരത്തിൽ സ്പാനിഷ് താരം കാർലോസ് അൽകാരസ് അമേരിക്കയുടെ ടെയ്ലർ ഫ്രിറ്റ്സിനെ നേരിടും.

നാളെ വനിതാ സിംഗിൾസിൽ ഇഗ സ്വിയാടെക്, അമാൻഡ അനിസി മോവയുമായി ഏറ്റുമുട്ടും.

✪✪✪

കുട്ടികളുടെ അഭിരുചികൾക്ക് പുത്തൻ വേദിയും പഠന ലക്ഷ്യങ്ങൾക്ക് പുതിയ മുഖച്ഛായയും നൽകി കണ്ണൂർ ജില്ലയിലെ UP ക്ലാസുകളിൽ ഒരുക്കിയ ക്രിയേറ്റീവ് കോർണർ ശ്രദ്ധേയമാകുന്നു. സമഗ്രശിക്ഷാ കേരള സ്റ്റാർസ് പദ്ധതി പ്രകാരമാണ് ഇത് നടപ്പിലാക്കുന്നത്.

വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O . ശശിധരൻ.

.....(വോയ്സ്)......

✪✪✪

പാലക്കാട് നഗരത്തിലെ ഗതാഗതം സുഗമമാക്കാൻ IIT യുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കും. ഇതിനായി പോലീസ് മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പാലക്കാട് IIT സിവിൽ എൻജിനിയറിങ് വിഭാഗം കഴിഞ്ഞ ദിവസം നഗരത്തിൽ പരിശോധന നടത്തി.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

.....(വോയ്സ്)...................

✪✪✪

ചൊവ്വാഴ്ച വരെ സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് കാസർകോട്, കണ്ണൂർ ജില്ലകളിലും, നാളെ വയനാട്, കോഴിക്കോട്, കാസർകോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

കൊല്ലം റെയിൽവേസ്റ്റേഷനിൽ കെട്ടിടനിർമ്മാണത്തിനിടെ ഇരുമ്പ് കമ്പി വീണ് യാത്രക്കാർക്ക് പരിക്കേറ്റു. നീരാവിൽ സ്വദേശി സുധീഷ്, മൈനാഗപ്പള്ളി സ്വദേശി ആശ എന്നിവർക്കാണ് പരിക്കേറ്റത്. ട്രെയിനിറങ്ങി സ്റ്റേഷനിൽ നിന്ന് പുറത്തേക്ക് വരികയായിരുന്നു ഇവർ .

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*NRTs: നിമിഷ ജി, രജിന കെ*
*DEO: ഷീബ*